**പ്രധാനമന്ത്രി ഒമാൻ സുൽത്താനുമായി കൂടിക്കാഴ്ച നടത്തി (ഡിസംബർ 18, 2025)**

ഡിസംബർ 18, 2025

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് മസ്കറ്റിൽ ആദരണീയനായ സുൽത്താൻ ഹൈതം ബിൻ താരിക്കുമായി ഉഭയകക്ഷി യോഗം നടത്തി. കൊട്ടാരത്തിൽ എത്തിയ അദ്ദേഹത്തെ രാജാവ് ഊഷ്മളമായി സ്വീകരിക്കുകയും ആചാരപരമായ വരവേൽപ്പ് നൽകുകയും ചെയ്തു.

2. ഇരുനേതാക്കളും തമ്മിൽ നേരിട്ടും പ്രതിനിധി തലത്തിലും കൂടിക്കാഴ്ചകൾ നടത്തി. ഇന്ത്യ-ഒമാൻ ബഹുമുഖ തന്ത്രപരമായ പങ്കാളിത്തം അവർ  അവലോകനം ചെയ്യുകയും ഉഭയകക്ഷി ബന്ധങ്ങളിലെ സ്ഥിരമായ വളർച്ചയെ അഭിനന്ദിക്കുകയും ചെയ്തു. ഇന്ത്യ-ഒമാൻ നയതന്ത്ര ബന്ധം സ്ഥാപിതമായതിന്റെ 70-ാം വാർഷികം ഈ വർഷം  ആഘോഷിക്കുന്നതിനാൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിന് ഈ സന്ദർശനം പ്രത്യേക പ്രാധാന്യമുള്ളതാണെന്ന് അവർ പറഞ്ഞു.

3. ഉഭയകക്ഷി ബന്ധങ്ങളിലെ നാഴികക്കല്ലായ വികസനം എന്ന നിലയിൽ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിൽ [CEPA] ഒപ്പുവെക്കുന്നതിനെ അവർ സ്വാഗതം ചെയ്തു, തന്ത്രപരമായ പങ്കാളിത്തത്തിന് ഇത് വലിയ ഉത്തേജനം നൽകുമെന്ന് അവർ പ്രസ്താവിച്ചു. ഉഭയകക്ഷി വ്യാപാരം US$ 10 ബില്യൺ കടന്നതിലും ഇരു രാജ്യങ്ങളിലേക്കും പരസ്പരമുള്ള നിക്ഷേപത്തിന്റെ പ്രവാഹം മുന്നോട്ടു പോകുന്നതിലും അവർ സംതൃപ്തി രേഖപ്പെടുത്തി, CEPA ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും ഗണ്യമായി പ്രോത്സാഹിപ്പിക്കുമെന്നും തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും ഇരു രാജ്യങ്ങളിലും നിരവധി അവസരങ്ങൾ തുറക്കുമെന്നും പ്രധാനമന്ത്രി അടിവരയിട്ടു പറഞ്ഞു.

4. ദീർഘകാല ഊർജ്ജ ക്രമീകരണങ്ങൾ, പുനരുപയോഗ ഊർജ്ജ സംരംഭങ്ങൾ, ഗ്രീൻ ഹൈഡ്രജൻ, ഗ്രീൻ അമോണിയ പ്രോജക്ടുകൾ എന്നിവയിലൂടെ ഊർജ്ജ സഹകരണത്തിന് പുതിയ ഊന്നൽ നൽകുന്നതും നേതാക്കൾ ചർച്ച ചെയ്തു. അന്താരാഷ്ട്ര സൗരോർജ്ജ സഖ്യത്തിൽ ചേർന്നതിന് ഒമാനെ അഭിനന്ദിച്ച പ്രധാനമന്ത്രി, ദുരന്ത

പ്രതിരോധ അടിസ്ഥാന  സൗകര്യം, ആഗോള ജൈവ ഇന്ധന സഖ്യം എന്നിവയിലും ചേരാൻ അവരെ ക്ഷണിച്ചു.

5. കാർഷിക മേഖല, മൃഗസംരക്ഷണം, മത്സ്യകൃഷി, ചെറുധാന്യ കൃഷി എന്നീ മേഖലകളിലെ സഹകരണം ഉൾപ്പെടെയുള്ള സഹകരണത്തിൽ നിന്ന് ഇരു രാജ്യങ്ങൾക്കും നേട്ടമുണ്ടാകുമെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

6. വിദ്യാഭ്യാസ മേഖലയിലെ സഹകരണത്തിന്റെ പ്രാധാന്യം അംഗീകരിച്ചുകൊണ്ട്, അധ്യാപകരുടെയും ഗവേഷകരുടെയും കൈമാറ്റം പരസ്പരം പ്രയോജനപ്പെടുമെന്ന് ഇരു നേതാക്കളും അഭിപ്രായപ്പെട്ടു.

7. ഭക്ഷ്യ സുരക്ഷ, നിർമ്മാണം, ഡിജിറ്റൽ സാങ്കേതിക വിദ്യ, നിർണായക ധാതുക്കൾ, ലോജിസ്റ്റിക്സ്, മാനുഷിക-മൂലധന വികസനം, ബഹിരാകാശ സഹകരണം എന്നീ മേഖലകളിലെ സഹകരണത്തെക്കുറിച്ചും അവർ ചർച്ച ചെയ്തു.

8. സാമ്പത്തിക സേവനങ്ങളിൽ, അവർ UPI, ഒമാനി ഡിജിറ്റൽ പേമെന്റ് സിസ്റ്റം, റുപേ കാർഡ് സ്വീകരിക്കൽ, പ്രാദേശിക കറൻസികളിലെ വ്യാപാരം എന്നിവയിലെ സഹകരണത്തെക്കുറിച്ചും അവർ ചർച്ച ചെയ്തു.

9. വളവും കാർഷിക ഗവേഷണവും ഇരുകൂട്ടർക്കും പ്രയോജനം ചെയ്യുന്ന മേഖലകളാണെന്നും സംയുക്ത നിക്ഷേപത്തിലൂടെ ഉൾപ്പെടെ ഈ മേഖലകളിൽ കൂടുതൽ സഹകരണത്തിനായി പ്രവർത്തിക്കണമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

10. സമുദ്ര മേഖല ഉൾപ്പെടെയുള്ള പ്രതിരോധവും സുരക്ഷാ സഹകരണവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധതയും ഇരുനേതാക്കളും ആവർത്തിച്ചു.

11. ഒമാനിലെ ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമത്തിനായി രാജാവ് നൽകിയ പിന്തുണയ്ക്ക് പ്രധാനമന്ത്രി അദ്ദേഹത്തിന് നന്ദി പറഞ്ഞു. സമുദ്ര പൈതൃകം, ഭാഷ പ്രോത്സാഹനം, യുവജന കൈമാറ്റം, കായിക ബന്ധങ്ങൾ എന്നീ മേഖലകളിലെ നിരവധി പുതിയ ഉഭയകക്ഷി സംരംഭങ്ങൾ ജനങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം പറഞ്ഞു. ഇരുരാജ്യങ്ങളും പങ്കിടുന്ന സമ്പന്നമായ സാംസ്കാരിക പൈതൃകത്തെക്കുറിച്ചും അവർ ചർച്ച ചെയ്തു, സമുദ്ര മേഖലയുമായി ബന്ധപ്പെട്ട മ്യൂസിയങ്ങൾ തമ്മിലുള്ള സഹകരണത്തിന്റെയും, പുരാവസ്തു, വൈദഗ്ധ്യ കൈമാറ്റത്തിന്റെയും പ്രാധാന്യവും എടുത്തുകാട്ടി.

12. ഒമാൻ വിഷൻ 2040 ഉം 2047 ഓടെ വികസിത രാഷ്ട്രമായി മാറുക എന്ന ഇന്ത്യയുടെ ലക്ഷ്യവും തമ്മിലുള്ള സംയോജനത്തെ നേതാക്കൾ സ്വാഗതം ചെയ്തു, കൂടാതെ ഇരുരാജ്യങ്ങളിലെയും ജനതയുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനായി പരസ്പര പിന്തുണ അറിയിക്കുകയും ചെയ്തു.

13. നേതാക്കൾ പ്രാദേശികവും ആഗോളവുമായ സംഭവവികാസങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കൈമാറുകയും പ്രാദേശിക സമാധാനത്തിനും സ്ഥിരതയ്ക്കുമുള്ള അവരുടെ പ്രതിബദ്ധത ആവർത്തിക്കുകയും ചെയ്തു.

14. സന്ദർശന വേളയിൽ, CEPA ക്ക് പുറമേ, സമുദ്ര പൈതൃകം, വിദ്യാഭ്യാസം, കൃഷി, ചെറുധാന്യ കൃഷി എന്നീ മേഖലകളിലും ധാരണാപത്രങ്ങളും/ക്രമീകരണങ്ങളും ഒപ്പുവെച്ചു. ഫലങ്ങളുടെ പൂർണ്ണമായ പട്ടിക ഇവിടെ കാണാം **[Link]**. സന്ദർശന വേളയിൽ സ്വീകരിച്ച സംയുക്ത പ്രസ്താവന ഇവിടെ കാണാം **[Link].**

**മസ്കറ്റ്**

**ഡിസംബർ 18, 2025**